# കേരള നിയമസഭ
# 24.06.2014–ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം
2014 ജൂൺ 24, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ – 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഊർജ്ജ വകുപ്പുമന്ത്രി |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി |

### കശുവണ്ടി വ്യവസായത്തിന്റെ കേന്ദ്രീകൃത സ്വഭാവം നഷ്ടപ്പെടുത്തുന്നത് തടയാൻ നടപടി

*331 ശ്രീ. ജെയിംസ് മാത്യു
,, എം. എ. ബേബി
,, പി. കെ. ഗുരുദാസൻ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായത്തിന്റെ കേന്ദ്രീകൃത സ്വഭാവം നഷ്ടപ്പെടുത്തുന്ന നടപടികൾ സ്വകാര്യ ഫാക്ടറി ഉടമകൾ സ്വീകരിക്കുന്നത് തടയാൻ തയ്യാറാകുമോ; ഇതു മൂലം ഈ മേഖലയിലെ തൊഴിലാളികൾ ചൂഷണം ചെയ്യപ്പെടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫാക്ടറികൾ ഒഴിവാക്കി കുടിവറുപ്പ് സമ്പ്രദായം വ്യാപിപ്പിക്കുന്നത് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ തടയുന്നതിനാണെന്നതിൽ നിലപാട് വ്യക്തമാക്കുമോ;

(സി) സ്വകാര്യ ഫാക്ടറി ഉടമകളുടെ ചൂഷണം തടയുന്നതിനും കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് നിയമപരമായ ആനുകൂല്യത്തോടെ കൂടുതൽ ദിനങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>അമിത പലിശയുടെ ചൂഷണങ്ങളിൽപ്പെട്ടവർക്ക് പുതിയ വായ്പാ പദ്ധതികൾ</u>

*T332 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ആർ. രാജേഷ്
ശ്രീമതി. കെ. കെ. ലതിക
ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അമിത പലിശയുടെ ചൂഷണങ്ങളിൽപ്പെട്ടവർക്കായി പ്രഖ്യാപിച്ച പുതിയ വായ്പാ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പുതിയ വായ്പാപദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; തന്നാണ്ടിൽ പ്രസ്തുത പദ്ധതിക്കായി എന്ത് അധിക ചെലവ് പ്രതീക്ഷിക്കുന്നു;

(സി) പുതിയ വായ്പാ പദ്ധതിയിലൂടെ ബ്ലേഡ് കമ്പനികൾക്കും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾക്കും നൽകേണ്ട തുകയുടെ വായ്പാ കുടിശ്ശിക തിരിച്ചടക്കപ്പെടുമെന്നാണോ പ്രതീക്ഷിക്കുന്നത്; സർക്കാർ പ്രഖ്യാപിച്ച പദ്ധതിവഴി വായ്പ എടുക്കുന്നയാളിന് ബ്ലേഡുകാരുടെ കടം വീട്ടാനല്ലാതെ വായ്പാ തുക വിനിയോഗിക്കാൻ അവകാശം ഉണ്ടാകുമോ; വിശദമാക്കുമോ;

(ഡി) കടക്കെണിയിൽപ്പെട്ടവരുടെ കടംവീട്ടാൻ നൽകുന്ന വായ്പ യ്ക്ക് സബ്സിഡി നൽകുന്നുണ്ടോ;

(ഇ) ബ്ലേഡ് കമ്പനികളുടെ അന്യായ പലിശ നിവാരണം ചെയ്യാൻ നടപടികൾ സ്വീകരിക്കാതെ, കുടിശ്ശിക തീർക്കാൻ കടക്കാർക്ക് പുതിയ വായ്പ ലഭ്യമാക്കുന്നത് കടക്കെണിയിൽപ്പെട്ടവരെ ഫലത്തിൽ സഹായിക്കുമോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ?

## കേരള നിയമസഭ
## 24.06.2014–ലെ മറുപടിക്ക്

<u>കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി</u>

*333 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, കോടിയേരി ബാലകൃഷ്ണൻ
,, കെ. കെ. നാരായണൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പ്രസ്തുത മേഖലയിലെ ട്രേഡ് യൂണിയനുകൾ നൽകിയ നിവേദനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നിവേദനത്തിൽ ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു; ഇവയോടുള്ള സർക്കാർ നിലപാടും നടപടികളും വിശദമാക്കാമോ;

(സി) കൈത്തറി വ്യവസായത്തെക്കുറിച്ച് ആലോചിക്കുന്നതിനുള്ള അഡ്വൈസറി കമ്മിറ്റി മീറ്റിംഗ് ചേരാറുണ്ടോ; എങ്കിൽ അവസാനമായി ചേർന്നത് എന്നാണെന്ന് വിശദമാക്കാമോ;

(ഡി) കൈത്തറി സഹകരണ സംഘങ്ങൾ ബാങ്കുകളിൽ നിന്നും ക്യാഷ് ക്രെഡിറ്റ് വാങ്ങുമ്പോൾ നൽകേണ്ട പലിശ 4% ആക്കണമെന്നതിൽ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014–ലെ മറുപടിക്ക്

വൈദ്യുതി ബോർഡും ബി.എസ്.ഇ.എസ്സ് കേരള പവർ ലിമിറ്റഡും തമ്മിലുള്ള കരാർ

*334 ശ്രീ. പി. തിലോത്തമൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. കെ. രാജു
ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യൂതി വാങ്ങുന്നതിനായി വൈദ്യൂതി ബോർഡും ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡും തമ്മിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കരാറിലെ വ്യവസ്ഥകൾപ്രകാരം വൈദ്യൂതി വാങ്ങിയില്ലെങ്കിലും നിശ്ചിത തുക കമ്പനിക്ക് നൽകണമെന്ന് വ്യവസ്ഥയുണ്ടോ;

(ബി) പ്രസ്തുത കരാർ പ്രകാരം 2011 ന് ശേഷം ഓരോ വർഷവും വാങ്ങിയ വൈദ്യൂതിയുടെ അളവ് എത്രവീതം, ഇപ്പോൾ വൈദ്യൂതി വാങ്ങുന്നില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ ഫിക്സഡ് കോസ്റ്റ് ഇനത്തിൽ പ്രസ്തുത കമ്പനിക്ക് തുക നൽകേണ്ടി വന്നിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2014–ലെ മറുപടിക്ക്

<u>റബ്ബർ അധിഷ്ഠിത വ്യവസായങ്ങളുടെ പ്രോത്സാഹനം</u>

*T335 ശ്രീ. എസ്. ശർമ്മ
,, ഇ. പി. ജയരാജൻ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ എന്തെല്ലാമാണ്;

(ബി) റബ്ബർ തടിയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് എന്നറിയിക്കാമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ആദിവാസി മേഖലയിലുള്ളവരുടെ ആരോഗ്യ പ്രശ്നങ്ങൾ</u>

*336 ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
'' കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലുള്ളവരുടെ ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇവിടെ പടർന്നു പിടിക്കുന്ന രോഗങ്ങൾക്ക് യഥാവിധി ചികിത്സ നൽകുന്നതിന് സാധിച്ചിട്ടുണ്ടോ;

(സി) ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതൽ നടപടികൾ എന്ന നിലയ്ക്ക് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>പാളം മുറിച്ചു കടക്കുമ്പോഴുണ്ടാകുന്ന അപകടങ്ങൾ</u>

*337 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, കെ. മുഹമ്മദുണ്ണി ഹാജി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റെയിൽവേ പാളം മുറിച്ചുകടക്കുമ്പോഴുണ്ടാകുന്ന അപകടങ്ങളും മരണനിരക്കും വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതു തടയുന്നതിനായി എന്തെങ്കിലും പ്രായോഗിക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ജനവാസമേഖലകളിലൂടെയുള്ള ട്രാക്കുകളുടെ എണ്ണക്കൂടുതലും ഇലക്ട്രിക് ട്രെയിനുകളുടെ വേഗതയും താരതമ്യേന വളരെ കുറഞ്ഞ ശബ്ദവും കാൽനടക്കാർ കൂടുതലായി അപകടത്തിൽപ്പെടുന്നതിന് കാരണമാവുന്നു എന്നത് കണക്കിലെടുത്ത് ആവശ്യമായ അപകട നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ചരക്ക് സേവന നികുതി</u>

*338 ശ്രീ. ഷാഫി പറമ്പിൽ
,, കെ. മുരളീധരൻ
,, എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരക്ക് സേവന നികുതി നടപ്പാക്കുന്നതിനെക്കുറിച്ചുള്ള അഭിപ്രായം വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് സംസ്ഥാന ധനമന്ത്രിമാരുടെ യോഗം ചേർന്നിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം നിർദ്ദേശങ്ങളാണ് ഇതിനോടനുബന്ധിച്ച് സംസ്ഥാനം യോഗത്തിൽ സമർപ്പിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ചരക്ക് സേവന നികുതി നടപ്പാക്കുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടങ്ങൾ നികത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>എൽ.എൻ.ജി. അധിഷ്ഠിത വൈദ്യുത പദ്ധതി</u>

*339 ശ്രീ. ലൂഡി ലൂയിസ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. അച്ചുതൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ.എൻ.ജി. അധിഷ്ഠിത വൈദ്യുത പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതി വഴി ഉൽപ്പാദിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് കൺസൾട്ടൻസിയെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

ചെറുകിട വ്യവസായങ്ങൾക്ക് ഓൺലൈൻ ലൈസൻസ് ഏർപ്പെടുത്താൻ നടപടി

*340 ശ്രീ. ഹൈബി ഈഡൻ
,, സി.പി. മുഹമ്മദ്
,, ഷാഫി പറമ്പിൽ
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾക്ക് ഓൺലൈൻ ലൈസൻസ് ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുക വഴി നിലവിലെ നിയമത്തിൽ ഭേദഗതിക്കായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ; ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>പൂർത്തിയാകാത്ത ചെറുകിട ജലവൈദ്യുത പദ്ധതികൾ</u>

*341 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. ജി.എസ്. ജയലാൽ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂർത്തിയാകാത്ത ചെറുകിട ജലവൈദ്യുത പദ്ധതികളുണ്ടോ; ഇവ ഓരോന്നും ഏതെല്ലാം കാലയളവുകളിൽ പൂർത്തിയാകേണ്ടതായിരുന്നു;വിശദാംശം ലഭ്യമാക്കുമോ;

(ബി) പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ ഇൻടേക്ക് ടണൽ നിർമ്മാണ പദ്ധതി ഏതു ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) മാങ്കുളം പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് പൂർത്തിയായിട്ടുണ്ടോ; ഇതു സംബന്ധിച്ച പർച്ചേസ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) തൊട്ടിയാർ, വിരിപ്പാറ, രാജമല ഡൈവേർഷൻ കീരിത്തോട്, മാങ്കുളം രണ്ടാം ഘട്ടം എന്നീ പദ്ധതികളുടെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

## <u>കാരുണ്യ സ്കീമിൽ പങ്കാളിത്തം</u>

*342 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ചികിത്സാ പദ്ധതിയിൽ അപൂർവ്വമായി മാത്രം കണ്ടുവരുന്ന മാരകരോഗങ്ങളെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) പദ്ധതിയിൽ പങ്കാളികളാകാൻ വിമുഖത കാണിക്കുന്ന സ്വകാര്യ ആശുപത്രികളെ നിർബന്ധപൂർവ്വം കാരുണ്യ ബെനവലന്റ് ചികിത്സാ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2014–ലെ മറുപടിക്ക്

<u>ഉപയോഗശൂന്യമായ സി.എഫ്.എൽ, ഇലക്ട്രിക് ട്യൂബ് എന്നിവയുടെ സംസ്ക്കരണം</u>

*343 ശ്രീ. പി. ഉബൈദുള്ള
,, എം. ഉമ്മർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപയോഗശൂന്യമായ സി.എഫ്.എൽ, ഇലക്ട്രിക് ട്യൂബ് എന്നിവ ദോഷരഹിതമായി സംസ്ക്കരിക്കുന്നതിന് എന്തു സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ശേഖരണത്തിന് ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനം തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പ്രതിവർഷം എത്ര അളവിൽ ഇത്തരം ഉപയോഗശൂന്യ വസ്തുക്കൾ ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 24.06.2014–ലെ മറുപടിക്ക്

## സംസ്ഥാന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേര്‍ന്ന് വിപണി വിപുലീകരണം

*344 ശ്രീ. കെ. മുരളീധരന്‍
,, എ. പി. അബ്ദുള്ളക്കുട്ടി
,, ആര്‍. സെല്‍വരാജ്
,, ബെന്നി ബെഹനാന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങള്‍ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേര്‍ന്ന് വിപണി വിപുലീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവര്‍ത്തനരീതിയും എന്തൊക്കെയാണെന്നുള്ള വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(സി) ഏതെല്ലാം ഏജന്‍സികളാണ് ഇതിനായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്നും വിശദാംശങ്ങള്‍ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കാര്യക്ഷമമായ മലിനീകരണ നിയന്ത്രണം</u>

*345 ശ്രീ. എം.പി. വിൻസെന്റ്
'' ജോസഫ് വാഴക്കൻ
'' വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണരംഗം കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഈ രംഗത്ത് സംസ്ഥാനം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മിലിനീകരണ നിയന്ത്രണ ബോർഡ് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പദ്ധതികളുടെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.06.2014–ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകൾക്ക് സർക്കാർ ഓഹരി</u>

*346 ശ്രീ.ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്
,, ആർ. സെൽവരാജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾക്ക് സർക്കാർ ഓഹരി അനുവദിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) എത്ര രൂപയാണ് പ്രസ്തുത ഇനത്തിൽ അനുവദിച്ചിട്ടുളളതെന്ന് അറിയിക്കുമോ;

(ഡി) ഏതെല്ലാം തരം ബാങ്കുകൾക്കാണ് ഓഹരി അനുവദിച്ചിട്ടുളളത് വിശദമാക്കുമോ?

## കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>സാമ്പത്തിക വര്‍ഷാരംഭത്തിലെ കടമെടുക്കല്‍ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങള്‍</u>

*347 പ്രൊഫ. സി. രവീന്ദ്രനാഥ്
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. പി. ശ്രീരാമകൃഷ്ണന്‍
'' കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാമ്പത്തിക വര്‍ഷാരംഭത്തില്‍ തന്നെ സംസ്ഥാനം കടം എടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; ആയതിന്റെ കാരണങ്ങളെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സാമ്പത്തിക വര്‍ഷാരംഭത്തില്‍ തന്നെ കടം എടുക്കുന്നത് തുടര്‍ന്നുള്ള വികസന പ്രവര്‍ത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതില്‍ അഭിപ്രായം വ്യക്തമാക്കുമോ ;

(സി) സാമ്പത്തിക മാനേജ്മെന്റിന്റെയും നികുതി പിരിച്ചെടുക്കുന്നതിലേയും കാര്യക്ഷമത കുറഞ്ഞതിനാലാണ് ശമ്പളം നല്‍കുന്നതിനടക്കം കടം എടുക്കേണ്ട സാഹചര്യം ഉണ്ടായതെന്ന ആക്ഷേപത്തെക്കുറിച്ച് നിലപാട് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാന ചരിത്രത്തിലിതേവരെയുള്ള മൊത്തം കടത്തിന്റെ എത്ര ശതമാനമാണ് ഈ സര്‍ക്കാരിന്റെ കാലത്ത് എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഇ) തന്നാണ്ടില്‍ ഇതിനകം എടുത്ത കടം എത്ര ; ഇതില്‍ തന്നാണ്ടിലെ പദ്ധതിച്ചെലവിലേക്ക് ഉപയോഗിച്ചതെത്ര ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>പ്രസരണമേഖലയുടെ ശാക്തീകരണം</u>

*348 ശ്രീ. സണ്ണി ജോസഫ്
,, റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണമേഖല ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിനായി ഏതെല്ലാംതരം സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണമാണ് പൂർത്തിയാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2014–ലെ മറുപടിക്ക്

<u>സഹകരണ വായ്പാ നയം</u>

*349 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, റ്റി. എ. അഹമ്മദ് കബീർ
,, പി. കെ. ബഷീർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിസർവ്വ് ബാങ്കിന്റെ വായ്പാ നയത്തിൽ വരുത്തിയ മാറ്റം, സഹകരണ സ്ഥാപനങ്ങളെ ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്നതു സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എളുപ്പത്തിൽ പണമായിമാറ്റാവുന്ന നിക്ഷേപങ്ങളുടെ അനുപാതം കുറച്ചത് സഹകരണ മേഖലയെ ഏതുവിധം ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**24.06.2014–ലെ മറുപടിക്ക്**

<u>ആദിവാസി വികസനത്തിനായി അനുവദിക്കുന്ന തുക</u>

*350 ശ്രീ. പി. റ്റി. എ. റഹീം
,, എം. ഹംസ
,, കെ. വി. വിജയദാസ്
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി വികസനത്തിനായി അനുവദിക്കുന്ന തുക ഉപയോഗിച്ച് ആദിവാസി മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ എത്ര ശതമാനം ആദിവാസികൾക്ക് പ്രയോജനപ്പെടുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഇടമലക്കുടി ആദിവാസി മേഖലയിൽ ചെലവഴിച്ച തുകയിൽ ചെറിയ ശതമാനംപോലും ആദിവാസികൾക്ക് പ്രയോജനകരമായില്ല എന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കാമോ ;

(സി) ആദിവാസികളുടെ സംരക്ഷണത്തിനും വികസനപ്രവർത്തനത്തിനും കേന്ദ്ര–സംസ്ഥാന സർക്കാരുകൾ ചെലവിടുന്ന തുക ആദിവാസികൾക്ക് തന്നെ പ്രയോജനപ്പെടുന്നു എന്ന് ഉറപ്പ് വരുത്താൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.06.2014–ലെ മറുപടിക്ക്

<u>സഹകരണ ബാങ്കുകളിലെ ജോലിസമയം</u>

*351 ശ്രീ. ഇ. ചന്ദ്രശേഖരൻ
'' പി. തിലോത്തമൻ
'' കെ. അജിത്
'' ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ ജോലി സമയം നിയമപ്രകാരം ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ജോലി സമയം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) ജോലിസമയം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് സഹകരണ ബാങ്ക് ജീവനക്കാരുടെ സേവന–വേതന വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

## കേരള നിയമസഭ
## 24.06.2014–ലെ മറുപടിക്ക്

വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി

*352

ശ്രീ. എളമരം കരീം
,, പി. കെ. ഗുരുദാസൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ ഉല്പാദന മേഖല പ്രതിസന്ധിയിലാണോ; കാരണം പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ ലക്ഷ്യവും നേട്ടവും സംബന്ധിച്ച് വിശദമാക്കാമോ;

(ബി) മൂലധനദൗർലഭ്യവും പ്രവർത്തന ചെലവിലുള്ള ആധിക്യവും നിമിത്തം സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെ എന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**24.06.2014–ലെ മറുപടിക്ക്**

ശമ്പള പരിഷ്കരണ കമ്മിഷൻ

*353

ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിക്കപ്പെട്ട കമ്മീഷന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത കമ്മീഷന്റെ ശുപാർശ അനുസരിച്ചുള്ള പരിഷ്കരണം എന്നു മുതൽ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

മൾട്ടിലെവൽ മാർക്കറ്റിംഗ് റെഗുലേറ്ററി അതോറിറ്റി

*354 ശ്രീ. എ. റ്റി. ജോർജ്
,, കെ. ശിവദാസൻ നായർ
,, അൻവർ സാദത്ത്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൾട്ടിലെവൽ മാർക്കറ്റിംഗ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ബഹുതല വ്യാപാരവ്യവസായ നിയന്ത്രണത്തിനായി എന്തെല്ലാം കാര്യങ്ങളാണ് അതോറിറ്റിയുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ഇതിനായി നിയമനിർമ്മാണം നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) നിയമനിർമ്മാണ പ്രക്രിയയുടെ ഇപ്പോഴുള്ള അവസ്ഥ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കേന്ദ്രസഹായത്തോടെയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ</u>

*355 ശ്രീ. സി. പി. മുഹമ്മദ്
,, ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ പഠിപ്പിക്കാനുദ്ദേശിക്കുന്ന സിലബസ്സ് ഏതാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇത്തരം സ്കൂളുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ക്ലാസ്സുകളാണ് പ്രസ്തുത സ്കൂളുകളിൽ തുടങ്ങാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2014–ലെ മറുപടിക്ക്

<u>വൈദ്യുതി ആവശ്യകത</u>

*356 ശ്രീ. റ്റി. വി. രാജേഷ്
,, ജി. സുധാകരൻ
,, വി. ശിവൻകുട്ടി
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014–15 വർഷത്തിൽ കേരളത്തിന്റെ മൊത്തം വൈദ്യുതി ആവശ്യകത എത്രയാകുമെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതനുസരിച്ചുള്ള വൈദ്യുതി ആവശ്യകത നിറവേറ്റാൻ എന്തൊക്കെ നട പടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) 2014 ഏപ്രിൽ, മെയ് മാസങ്ങളിലും ജൂണിൽ ഇതുവരെയുള്ളദിവസങ്ങ ളിലും ഉണ്ടാകുമെന്ന് കണക്കാക്കിയ ഉപഭോഗവും യഥാർത്ഥത്തിൽ ഉണ്ടായിട്ടുള്ള ഉപഭോഗവും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ;

(ഡി) ഈ നിലയിൽ ഉണ്ടാകുന്ന വ്യത്യാസം കൂടി പരിഗണിച്ചാൽ നിലവി ലുള്ള ആസൂത്രണം എത്രത്തോളം ഫലപ്രദമാകുമെന്ന് അറിയിക്കുമോ; ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കെല്‍ട്രോണിനെ സംരക്ഷിക്കുന്നതിന് നടപടി</u>

*357 ശ്രീ. എ.എം. ആരിഫ്
,, കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെല്‍ട്രോണിനെ തകര്‍ച്ചയില്‍ നിന്നും സംരക്ഷിക്കുന്നതിന് കഴിഞ്ഞ സര്‍ക്കാര്‍ സ്വീകരിച്ച നടപടികള്‍ക്ക് തുടര്‍ച്ച ഉറപ്പാക്കാന്‍ തയ്യാറാകുമോ ;

(ബി) കെല്‍ട്രോണ്‍ തകര്‍ച്ചയിലേക്ക് നയിക്കപ്പെടുകയാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കെല്‍ട്രോണിനെ സംരക്ഷിക്കുന്നതിന് കഴിഞ്ഞ സര്‍ക്കാര്‍ ആവിഷ്കരിച്ച പദ്ധതികള്‍ തുടരുന്നതിനും കെല്‍ട്രോണിനെ സംരക്ഷിക്കുന്നതിനും പുതുതായി എന്തെല്ലാം നടപടികള്‍ സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>സൗരോര്‍ജ്ജ പ്ലാന്റുകള്‍</u>

*358 ശ്രീ. സി. മമ്മൂട്ടി
,, എന്‍.എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി വകുപ്പിന്റെ കീഴില്‍ സബ്സ്റ്റേഷനുകള്‍, പവര്‍ ഹൗസുകള്‍ എന്നിവയുടെ പരിസരങ്ങളില്‍ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളില്‍ സൗരോര്‍ജ്ജ പ്ലാന്റുകള്‍ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ജലാശയങ്ങളില്‍ പാനല്‍ സ്ഥാപിച്ച് സൗരോര്‍ജ്ജം ഉല്പാദിപ്പിക്കുന്നതിനുള്ള ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ;

(സി) നിലവില്‍ വൈദ്യുതി ബോര്‍ഡ് സൗരോര്‍ജ്ജ വൈദ്യുതി ഉദ്പാദിപ്പിക്കുന്നുണ്ടോ; എങ്കില്‍ വിശദവിവരം നല്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ലോട്ടറി ഘടനയിലെ മാറ്റവും തൊഴിലാളി പ്രശ്നങ്ങളും</u>

*359 ശ്രീ. എസ്. രാജേന്ദ്രൻ
,, കെ. കെ. ജയചന്ദ്രൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോട്ടറി നടത്തിപ്പിൽ അധികൃതർ എടുത്തുവരുന്ന ചില നടപടികൾ ഈ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്ന തരത്തിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ലോട്ടറി നടത്തിപ്പിന്റെ ഇപ്പോഴുള്ള ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തുന്നത് സർക്കാരിന്റെ അറിവോടുകൂടിയാണോ എന്ന് വ്യക്തമാക്കാമോ ;

(സി) ടിക്കറ്റ് ചാർജ്ജിൽ ഇടക്കാലത്ത് വർദ്ധന നടപ്പാക്കിയതും സമ്മാനഘടനയിൽ മാറ്റം വരുത്തിയതും ടിക്കറ്റ് വില്പനയിൽ കുറവ് വരുത്തിയത് ഈ മേഖലയിൽ നിന്ന് ഉപജീവനം നടത്തുന്നവരെ സാരമായി ബാധിച്ചതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) സമ്മാന ഘടനയിൽ മാറ്റം വരുത്തുന്നതും ടിക്കറ്റ് വില വർദ്ധിപ്പിക്കുന്നതും ലോട്ടറി മേഖലയ്ക്കും ഇതിലൂടെ ഉപജീവനം നടത്തുന്നവർക്കും വിഘാതമാകാതിരിക്കുന്നതിന് എന്തെങ്കിലും പുതിയ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.06.2014–ലെ മറുപടിക്ക്

<u>സപ്ലൈ ചെയിന്‍ മാനേജ്മെന്റ് സംവിധാനം</u>

*360 ശ്രീ. എ. കെ. ബാലന്‍
,, കെ. കുഞ്ഞമ്മത് മാസ്റ്റര്‍
,, കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
,, സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ബോര്‍ഡില്‍ ആവശ്യമായ ഉപകരണങ്ങളും സാധന സാമഗ്രികളും ലഭ്യമാക്കുന്നതിന് കേന്ദ്രീകൃതമായി നടപ്പാക്കപ്പെട്ട സപ്ലൈ ചെയിന്‍ മാനേജ്മെന്റ് സംവിധാനത്തിന്റെ നിലവിലുള്ള അവസ്ഥ എന്താണ്;

(ബി) ഇതുമായി ബന്ധപ്പെട്ട് റിവേഴ്സ് ലോജിസ്റ്റിക്സ്, വെണ്ടര്‍ ഐഡിന്റിഫിക്കേഷന്‍ തുടങ്ങിയ നടപടികള്‍ പൂര്‍ത്തിയായിട്ടുണ്ടോ; ഇതില്‍ എന്തു തടസ്സമാണ് നിലവിലുള്ളത് വ്യക്തമാക്കുമോ;

(സി) എ. ബി. സ്വിച്ച്പോലുള്ള അത്യാവശ്യസാമഗ്രികള്‍ പോലും ഇല്ലാത്തതിനാല്‍ ചാര്‍ജ്ജ്ചെയ്യാതെ കിടക്കുന്ന ഡിസ്ട്രിബ്യൂഷന്‍ ട്രാന്‍സ്ഫോര്‍മറുകള്‍ ഉണ്ടോ; ഇത് പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരന്‍,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂണ്‍ 15.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവസഭയില്‍ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റില്‍ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.